**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4884** **20-03-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിൽ തകർന്ന പാലങ്ങളുടെ നിർമ്മാണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ തകർന്ന വെമ്പള്ളി-കല്ലാലി പാലം, വയലാ-കോടികുളം പാലം എന്നിവ പുനർനിർമ്മിക്കുന്നതിനായി കോട്ടയം ബ്രിഡ്ജസ് ഡിവിഷൻ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിലെ കല്ലേലി പാലത്തിന്റെ പുനർനിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് TGD പ്രകാരം തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിനായി 01/05/2022 തീയതിയിലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു എങ്കിലും, 05/05/2022-ൽ നടന്ന AS കമ്മിറ്റി മീറ്റിങ്ങിൽ ബഡ്ജറ്റിൽ 20% തുക വകയിരുത്താത്ത പ്രവൃത്തികൾ പരിഗണിക്കപ്പെട്ടിട്ടില്ല. പ്രസ്തുത പ്രവൃത്തിക്ക് 2022-2023-ലെ ബഡ്ജറ്റിൽ Token provision 100 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. വയലാ കോടിക്കുളം പാലത്തിന്റെ നിർമ്മാണം PMGSY പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത വിഷയത്തിന്മേൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ